"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി - തൊഴിലാളികളുടെ ദിവസവേതനം വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

സ.ഉ.(സാധാ) നം.1318/2022/LSGD തീയതി,തിരുവനന്തപുരം, 27-05-2022

---

പരാമർശം:-

1. സ.ഉ.(കൈ)നം.210/2012/ തസ്വഭാവ തീയതി 13.09.2010
2. സ.ഉ.(സാധാ)നം.1347/2020/തസ്വഭാവ തീയതി 13.07.2020
3. കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന്റെ 28.03.2022-ലെ എസ്.ഒ.1427(ഇ) നമ്പർ വിജ്ഞാപനം
4. നഗരകാര്യ ഡയറക്ടറുടെ 08.04.2022-ലെ ഡി.സി 3-04/2020 നമ്പർ കത്ത്

**ഉത്തരവ്**

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ മാതൃകയിൽ പരാമർശം (1) ഉത്തരവ് പ്രകാരം സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിയിൽ പ്രവൃത്തിയെടുക്കുന്ന ഏതൊരാൾക്കും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പപദ്ധതിയിൽ കാലാകാലങ്ങളിൽ ലഭ്യമാകുന്നതിന് തുല്യമായ വേതനം നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

2. നിലവിൽ അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള ദിവസവേതനം 291/- രൂപയായി പരാമർശം (1) ഉത്തരവ് പ്രകാരം നിശ്ചയിച്ചിട്ടുള്ളതാണ്. പരാമർശം (3) വിജ്ഞാപന പ്രകാരം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതിയിലെ സംസ്ഥാനത്തെ തൊഴിലാളികളുടെ ദിവസ വേതനം 01.04.2022 മുതൽ 311/- രൂപയായി കേന്ദ്ര സർക്കാർ വർദ്ധിപ്പിച്ചിട്ടുള്ള സാഹചര്യത്തിൽ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി തൊഴിലാളികളുടെ ദിവസ വേതനവും വർദ്ധിപ്പിക്കണമെന്ന് പരാമർശം (4) പ്രകാരം നഗരകാര്യ ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ വിവരിച്ച സാഹചര്യത്തിൽ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയ്ക്ക് കീഴിലെ തൊഴിലാളികളുടെ ദിവസ വേതനം ₹311/- (മുന്നൂറ്റി പതിനൊന്ന് രൂപ മാത്രം) ആയി 01.04.2022 മുതൽ പ്രാബല്യത്തോടെ വർദ്ധിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷൈജ സി ജി
ഡെപ്യൂട്ടിസെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (Dev-1/82/2022/Fin dtd 16.05.2020)
വെബ് & ന്യൂ മീഡിയ, ഐ & പി.ആർ.ഡി.
ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
**Signed by Nisam N**
**Date: 30-05-2022 10:44:30**
സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്